LIBRARY ARCHIVES Kerala Legislative Assembly

4. പ്രസ്സ് ഫോട്ടോഗ്രാഫർ ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, 2010 ജൂലൈ 13-ന് തിരുവല്ലയിൽ പ്രസ് ഫോട്ടോഗ്രാഫർ കെ. പി. സുബാഷിനെ ചിത്രം എടുക്കുന്നതിനിടയിൽ മർദ്ദിച്ച സംഭവമാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്. കെ.എസ്.ആർ.ടി.സി. കോർണറിൽ പാർക്കിംഗിന് അനുവദിച്ച സ്ഥലത്ത് പാർക്ക് ചെയ്തിരുന്ന കാർ അഖിലേന്ത്യാ കർഷക തൊഴിലാളി യൂണിയന്റെ പതാക ജാഥയെ സ്വീകരിക്കാനെത്തിയവർ പൊക്കിമാറ്റുന്ന ചിത്രമാണ് സുബാഷ് എടുത്തത്. ഇതാണ് അദ്ദേഹത്തെ മർദ്ദിക്കാൻ കാരണം. അടിയേറ്റുവീണ സുബാഷിനെ നിലത്തിട്ട് ചവിട്ടി. ഓടിരക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ പിന്തുടർന്ന് ഓട്ടോ സ്റ്റാൻഡിന് സമീപംവച്ച് വീണ്ടും മർദ്ദിച്ചു. അദ്ദേഹത്തിന്റെ കണ്ണട തല്ലിയൊടിച്ചു. ഈ വണ്ടി പൊക്കിമാറ്റുന്ന ചിത്രവും മർദ്ദന വാർത്തയുമടക്കം എല്ലാ പത്രങ്ങളും വലിയ പ്രാധാന്യത്തോടുകൂടി പ്രതിഷേധം അറിയിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇത് സ്വതന്ത്രമായ പത്രപ്രവർത്തനത്തിനെതിരെയുള്ള കടന്നാക്രമണമാണ്. കുറ്റവാളികൾ ആരായാലും അവരുടെനേരെ മുഖം നോക്കാതെ മാതൃകാപരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, 13-7-2010-ന് വൈകുന്നേരം 6.45-ന് കേരള ഭൂഷൺ പത്രത്തിന്റെ ഫോട്ടോഗ്രാഫറായ ശ്രീ. കെ. പി. സുബാഷ്, തിരുവല്ല പോലീസ് സ്റ്റേഷനിൽ കണ്ടാലറിയാവുന്ന കുറെ ചെറുപ്പക്കാർ ചേർന്ന് അദ്ദേഹത്തെ ദേഹോപദ്രവമേൽപ്പിക്കുകയും പെൻഡ്രൈവും കണ്ണടയും നശിപ്പിക്കുകയും ആക്രമണത്തിൽ 2,000 രൂപയുടെ നഷ്ടമുണ്ടായതായും പരാതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഇന്ത്യൻ ശിക്ഷാ നിയമം 341, 323, 477, 34 വകുപ്പുകൾ പ്രകാരം ക്രൈം 873/10 ആയി തിരുവല്ല പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സുബാഷ് ദേഹോപദ്രവമേറ്റതായി പരാതിപ്പെട്ട് താലൂക്ക് ആശുപത്രിയിൽ ചികിൽസയും തേടിയിരുന്നു. പ്രത്യേകിച്ച് ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ ഇത് സംഭവിച്ചുകൂടാത്തതാണ്. ഈ കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്. ഇതിൽ തിരിച്ചറിഞ്ഞ പ്രതികളായ അഭിലാഷ്, വിനീത്, ഉല്ലാസ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് പ്രതികളെപ്പറ്റി ഊർജ്ജിതമായി അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

5. കടലുണ്ടി പാലത്തിന്റെ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തവർക്ക് വില നൽകുന്നതു സംബന്ധിച്ച്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, എന്റെ നിയോജകമണ്ഡലത്തിലെ കടലുണ്ടി പാലം നിർമ്മാണത്തിന് വളരെക്കാലം മുമ്പാണ് സ്ഥലം ഏറ്റെടുത്തത്. പാലം നിർമ്മിച്ചു കഴിഞ്ഞു. പാലത്തിലൂടെ വാഹനങ്ങൾ ഏറെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. കടലുണ്ടി പുഴയിലൂടെ ഒരുപാട് വെള്ളം ഒഴുകിക്കഴിഞ്ഞു. ദേശാടന പക്ഷികൾ കടലുണ്ടി പക്ഷിസങ്കേതത്തിൽ

പലതവണ വന്ന് തിരിച്ചുപോയി. പക്ഷേ അക്വയർ ചെയ്ത സ്ഥലത്തിന് ഇതുവരെ തുക കൊടുത്തിട്ടില്ല. റീസർവ്വേ നടത്തിയപ്പോൾ സർവ്വേ നമ്പർ മാറിപ്പോയി എന്നതിന്റെ സാങ്കേതികത്വം പറഞ്ഞാണ് ഈ തുക കൊടുക്കാതിരിക്കുന്നത്. ഇനിയും താമസിപ്പിക്കാതെ സാങ്കേതിക കുരുക്കുകൾ അഴിച്ച് അക്വയർ ചെയ്ത സ്ഥലത്തിന്റെ വില നൽകാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, കടലുണ്ടി പാലത്തിന്റെ അപ്രോച്ച് റോഡിൽ നിന്ന് സ്ഥലം ഏറ്റെടുക്കുന്നതിനായി 2005-ൽ ലഭിച്ച ധാരണാപത്രമനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കരട് വിജ്ഞാപനം 16-4-2007-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരികയായിരുന്നു. എന്നാൽ ഇതിനിടയിൽ സ്ഥലം ഏറ്റെടുക്കേണ്ടിയിരുന്ന വള്ളികുന്ന് വില്ലേജിൽ റീസർവ്വേ പൂർത്തിയാവുകയും അതിര് അടയാള നിയമമനുസരിച്ചുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. റീസർവ്വേ റെക്കാർഡുകൾ നിലവിൽ വന്നതുമൂലം സർവ്വേനമ്പർ വ്യത്യാസപ്പെടുകയും പ്രസ്തുത പൊന്നുംവില നടപടിയുടെ അവാർഡ് നിശ്ചിത കാലയളവിനുള്ളിൽ പാസ്സാക്കാനോ നഷ്ടപരിഹാരത്തുക വിതരണം ചെയ്യാനോ കഴിയാതെ വരികയും ചെയ്തു. പൊന്നുംവില നടപടികൾ കരട്പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി രണ്ട് കൊല്ലത്തിനുശേഷം കാലഹരണപ്പെട്ട് പോകുമെങ്കിലും നിയമാനുസരണം തുടർ നടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലംവിട്ട് നൽകിയവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള അനുബന്ധ രേഖകൾ സഹിതം നിർദ്ദേശം സമർപ്പിക്കാൻ ജില്ലാകളക്ടറോടും പൊതുമരാമത്ത് വിഭാഗത്തിനോടും 2010 മെയ് മാസം 14-ന് ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും വേഗം മെമ്പറുടെ ആവശ്യം നിർവ്വഹിക്കുന്നതിനും ഇവ ലഭ്യമാക്കി തുക നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

6. ഗുരുവായൂർ വാട്ടർ സപ്ലൈ സ്കീം, തൃത്താല-ചാലിശ്ശേരി-പാവറട്ടി ശുദ്ധജല സ്കീം എന്നിവയുടെ നവീകരണം

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ചുണ്ടൽ-കുറ്റിപ്പുറം കെ.എസ്.ടി.പി. റൂട്ടിൽ പാറയമ്പാട മുതൽ കുന്നംപുറം വരെയുള്ള പ്രദേശത്ത് ഗുരുവായൂർ വാട്ടർസപ്ലൈ സ്കീമിന്റെ ഭാഗമായി നിക്ഷേപിച്ചിട്ടുള്ള 400 എം.എം. പ്രിമോ പൈപ്പ് കാലപ്പഴക്കം കൊണ്ട് ഇടയ്ക്കിടെ പൊട്ടി വലിയ അപകടം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതുപോലെതന്നെ തൃത്താല-ചാലിശ്ശേരി-പാവറട്ടി ശുദ്ധജലപദ്ധതിയുടെ ഭാഗമായി കുന്ദംകുളം-ഗുരുവായൂർ റൂട്ടിലെ 700 എം.എം. പ്രിമോ പൈപ്പുകളും കാലപ്പഴക്കം കൊണ്ട് പൊട്ടിക്കൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് പണിത പുതിയ കെ.എസ്.ടി.പി. റോഡിന്റെ ഒത്തനടുവിൽക്കൂടിയാണ് ഇത്രയും വലിയ പൈപ്പുകൾ കിടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly